ഇതിനു ബാധകമല്ല. അങ്ങനെ ഏതെങ്കിലും പഞ്ചായത്തു പറഞ്ഞിട്ടുണ്ടെങ്കിൽ, കൊടുക്കാതിരിക്കാൻ ആ ഒഴിവുകഴിവു പറഞ്ഞു എന്നുള്ളതിൽ കവിഞ്ഞ് മറ്റൊന്നുമില്ല. ആവശ്യവുമില്ല.

ശ്രീ. കെ.സി. വാമദേവൻ: ജോലി ചെയ്യുകയില്ലെന്നു പറഞ്ഞവരൊഴികെ, ചെയ്തവർക്കും മേഗികമായി ചെയ്തവർക്കും ചെയ്യാൻ സമ്മതിച്ചവർക്കും എല്ലാം രണ്ടാം ഗഡു കൊടുത്തു തുടങ്ങിയോ?

ശ്രീ. എം.കെ. രാഘവൻ: മിക്കവാറും കൊടുത്തു തീർത്തു എന്നാണ് എനിക്കു തോന്നുന്നത്. കൊടുത്തുതീർത്തിട്ടില്ലെങ്കിൽ മാർച്ച് മാസം 31.ാം തീയതിക്കുമുൻപ് കൊടുത്തു തീർക്കുകയും ചെയ്യും.

(ii). രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സിമൻറിനു കൺട്രോൾ

* 601 [643] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി സിമൻറിന് കൺട്രോൾ എന്നാണ് ഏർപ്പെടുത്തിയത്;

(ബി) ആവശ്യത്തിനുള്ള സിമൻറ് ഇന്ന് ലഭിക്കുന്നുണ്ടോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) 24.3.1978 മുതൽ

(ബി) ഇല്ല.

ലോറി ട്രാൻസ്പോർട്ടിംഗ് വർക്കേഴ്സ് യൂണിയൻറെ നിവേദനം

* 602 [644] ശ്രീ. എ.പി കുര്യൻ:

,, പി.പി. എസ്തോസ്:

,, പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോറി ട്രാൻസ്പോർട്ടിംഗ് വർക്കേഴ്സ് യൂണിയൻ അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വല്ല നിവേദനവും ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് പ്രധാന ആവശ്യങ്ങൾ;

(സി) അവരുടെ നിവേദനത്തിൻറെ അടിസ്ഥാനത്തിൽ എന്തു നടപടികൾ സ്വീകരിച്ചു?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly